(ഇ) പുതുക്കിയ പ്രോജക്ട് റിപ്പോർട്ടുപ്രകാരം 1996-ലെ P.W.D. ഷെഡ്യൂൾ അടിസ്ഥാനമാക്കി ഈ പദ്ധതിക്കു 315.90 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

(എഫ്) ഇല്ല.

(ജി) 163 മെഗാവാട്ട്.

54 (220) കാലപ്പഴക്കം ചെന്ന ജലവൈദ്യുത പദ്ധതികൾ

ശ്രീ. കെ.സി. ജോസഫ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. കെ.പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലപ്പഴക്കം ചെന്ന ജലവൈദ്യുത പദ്ധതികൾ നവീകരിക്കുന്നതിനുള്ള ഒരു പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ;

(ബി) എങ്കിൽ നവീകരണത്തിനുള്ള കരാർ ഏത് കമ്പനിക്കാണ് നൽകിയത്; കരാറിന്റെ ഒരു കോപ്പി ലഭ്യമാക്കുമോ;

(സി) ഈ കരാർ പ്രകാരം കമ്മീഷൻ ഇനത്തിൽ എന്തെങ്കിലും തുക വൈദ്യുതി ബോർഡിന് നൽകാൻ വ്യവസ്ഥ ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) എസ്.എൻ.വി. എന്ന കനേഡിയൻ കമ്പനി സംസ്ഥാന വൈദ്യുത പദ്ധതിയ്ക്ക് സാങ്കേതികോപദേശം നൽകിയ വകയിൽ അധിക തുക അനുമതിയില്ലാതെ കൈപ്പറ്റി എന്നത് സംബന്ധിച്ച് വിജിലൻസ് അന്വേഷണം നിലവിലുള്ള കാര്യം ഗവൺമെന്റിനറിവുണ്ടോ;

(ഇ) പ്രാഥമിക അന്വേഷണത്തിൽ ക്രമവിരുദ്ധമായി പണം പറ്റി എന്ന ആരോപണത്തിന് വിധേയമായ ഒരു കമ്പനിക്ക് അന്വേഷണം പൂർത്തിയാക്കി കുറ്റവിമുക്തമാക്കും മുമ്പ് പുതിയ കോൺട്രാക്ട് നൽകുന്ന കീഴ്വഴക്കം വൈദ്യുതി ബോർഡിൽ ഉണ്ടായിരുന്നോ എന്ന് വ്യക്തമാക്കുമോ;

(എഫ്) എസ്.എൻ.സി. ലാവലിൻ എന്ന കനേഡിയൻ കമ്പനിയ്ക്ക് വൈദ്യുതി ഭവനിൽ ഓഫീസ് സൗകര്യം നൽകിയിട്ടുണ്ടോ;

(ജി) എങ്കിൽ ഏത് കരാർപ്രകാരമാണ് ഈ സൗകര്യം അനുവദിച്ചു നൽകിയതെന്ന് വെളിപ്പെടുത്തുമോ;

(എച്ച്) പ്രസ്തുത കരാറിന്റെ ഒരു കോപ്പി ലഭ്യമാക്കുമോ;

(ഐ) എസ്.എൻ.സി. ലാവലിൻ എന്ന കനേഡിയൻ കമ്പനി ഇതേവരെ വൈദ്യുതി ബോർഡിന് നൽകിയ സേവനത്തിന്റെ വിശദാംശം നൽകുമോ; ഇതിന് നൽകിയ പ്രതിഫലത്തിന്റെ വിവരം വെളിപ്പെടുത്തുമോ;

(ജെ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഈ കമ്പനിയുടെ ക്ഷണമനുസരിച്ച് കാനഡ സന്ദർശിച്ചിട്ടുള്ളവരുടെ വിശദവിവരം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പള്ളിവാസൽ, ചെങ്കുളം,പന്നിയാർ എന്നീ ജലവൈദ്യുത പദ്ധതികളുടെ നവീകരണത്തിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്.

(ബി) നവീകരണത്തിനുള്ള കരാർ എസ്.എൻ.സി. ലാവലിൻ എന്ന കമ്പനിക്കാണ് നൽകിയത്. ഔദ്യോഗിക രഹസ്യ സ്വഭാവമുള്ളതാകയാൽ കരാറിന്റെ കോപ്പി ലഭ്യമാക്കാൻ നിർവ്വാഹമില്ല.

(സി) കരാർ പ്രകാരം കമ്മീഷൻ ഇനത്തിൽ വൈദ്യുതി ബോർഡിന് തുക നൽകാൻ വ്യവസ്ഥ ചെയ്തിട്ടില്ല.

(ഡി) ഉണ്ട്.

(ഇ) കോൺട്രാക്ട് നൽകുന്നത് കാട്ട് ചെയ്ത തുക, പ്രസ്തുത കോൺട്രാക്ട് നടപ്പാക്കുന്നതിനുള്ള കഴിവ് ഇവയൊക്കെ പരിഗണിച്ചാണ്. ബ്ലാക്ക് ലിസ്റ്റ് ചെയ്തിട്ടില്ലെങ്കിൽ ആരോപണ വിധേയമായതുകൊണ്ടുമാത്രം സാധാരണഗതിയിൽ കോൺട്രാക്ട് നിരസിക്കാറില്ല. എസ്.എൻ.സി. ലാവലിൻ എന്ന കമ്പനിയെ ബ്ലാക്ക് ലിസ്റ്റ് ചെയ്തിട്ടില്ല. 10.8.95-ൽ ഒപ്പുവച്ച ധാരണാപത്രത്തെ തുടർന്ന് മുൻ സർക്കാരിന്റെ കാലത്ത് 24.2.96-വാണ് ടി എഗ്രിമെന്റ് ഒപ്പിട്ടത്. ഇതിനുശേഷം പ്രസ്തുത കമ്പനിയുമായി ബോർഡ് കരാറിൽ ഒപ്പിട്ടിട്ടില്ല.

(എഫ്)ഉണ്ട്.

(ജി) ടി നവീകരണജോലികൾക്കുള്ള കരാർ പ്രകാരം.

(എച്ച്) ഔദ്യോഗിക രഹസ്യസ്വഭാവമുള്ളതാകയാൽ കരാറിന്റെ കോപ്പി ലഭ്യമാക്കാൻ നിർവ്വാഹമില്ല.

(ഐ) നിലവിലുള്ള കരാർപ്രകാരം കുറ്റ്യാടി എക്സ്റ്റൻഷൻ പദ്ധതിയ്ക്കും, പള്ളിവാസൽ, ചെങ്കുളം, പന്നിയാർ എന്നീ പദ്ധതികളുടെ നവീകരണ ജോലികൾക്കും സേവനം ലഭിക്കുന്നുണ്ട്. ഇതിൽ 1999 നവംബർ മാസം വരെയുള്ള ബില്ലുകൾ പ്രകാരം കുറ്റ്യാടി എക്സ്റ്റൻഷൻ പദ്ധതിയുടെ സേവനത്തിനുവേണ്ടി 3224/9.09 കനേഡിയൻ ഡോളറും പള്ളിവാസൽ, ചെങ്കുളം, പന്നിയാർ പദ്ധതികളുടെ നവീകരണങ്ങൾക്കുള്ള സേവനങ്ങൾക്കുവേണ്ടി 1731366.92 കനേഡിയൻ ഡോളറും നൽകിയിട്ടുണ്ട്.

(ജെ) പ്രസ്തുത കമ്പനിയുടെ ക്ഷണമനുസരിച്ച് ആരും പോയിട്ടില്ല.

55 (221) ജലവൈദ്യുത പദ്ധതികൾക്ക് കേന്ദ്ര ഗവൺമെന്റിന്റെ അനുമതി

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. കെ.വി. വിശ്വനാഥൻ :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം ജലവൈദ്യുത പദ്ധതികളാണ് അനുമതിക്കുവേണ്ടി കേന്ദ്ര ഗവൺമെന്റിൽ സമർപ്പിച്ചിട്ടുള്ളത്;

(ബി) ഈ പദ്ധതികൾ കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചത് എന്നാണ്;

LIBRARY ARCHIVES Kerala Legislative Assembly